ഈ ഗവൺമെൻറ് ആരംഭിച്ച ക്ഷേമനിധിയും പെൻഷനും

1659 [2485] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. വി. മുഹമ്മദ്:
,, കെ. പി. രാമൻ:
,, പി. സീതി ഹാജി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്കായി പുതുതായി ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്ക്;

(സി) തൻമൂലം എത്രപേർക്ക് ഈ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ചുമട്ടു തൊഴിലാളികൾ
2. മോട്ടോർ തൊഴിലാളികൾ
3. ആർട്ടിസാൻസ്, സ്കിൽഡ് വർക്കേഴ്സ്.

(സി) ചുമട്ടു തൊഴിലാളി പദ്ധതിയുടെ ആനുകൂല്യം ഏകദേശം 3,000 പേർക്ക് —മോട്ടോർ തൊഴിലാളി ക്ഷേമനിധി 1 1/2 ലക്ഷത്തോളം പേർക്കും ആർട്ടിസാൻസിനുള്ള ബനിഫിറ്റ് സ്കീം ഏകദേശം 45 ലക്ഷത്തോളം പേർക്കും ലഭിക്കുന്നതാണ്.

ജൂലൈ്ട്രിക്കൽ വയർമാൻമാരേയും സൂപ്പർവൈസർമാരേയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

1660 [2486] ശ്രീ. റസി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലാളികൾക്കുവേണ്ടി രൂപീകരിക്കുന്ന ക്ഷേമനിധിയുടെ പരിധിയിൽ വയർമാൻമാരേയും സൂപ്പർവൈസർമാരേയും കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly